പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നമ്പർ : 253

20.6.2013- ൽ
മറുപടിക്ക്

## കയർ മേഖലയ്ക്കുള്ള ബജറ്റ് വിഹിതം വർദ്ധിപ്പിക്കുവാൻ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ലൂഡി ലൂയിസ്<br>,, ഷാഫി പറമ്പിൽ<br>,, പി. സി. വിഷ്ണുനാഥ്<br>,, എ. പി. അബ്ദുള്ളക്കുട്ടി | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് കയർ മേഖലയ്ക്കുള്ള ബജറ്റ് വിഹിതം വർദ്ധിപ്പിക്കുവാൻ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) കയർമേഖലയ്ക്കുള്ള ബജറ്റ് വിഹിതം വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. കയർ വികസന വകുപ്പിന് 2013-14 ലെ ബജറ്റ് പ്ലാൻ വിഹിതം കേന്ദ്ര വിഹിതമായ 500 ലക്ഷം രൂപ ഉൾപ്പെടെ 116.37 കോടി രൂപയാണ്. കയർ മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമാക്കി ആലപ്പുഴയിൽ ഒരു കയർ കയറ്റുമതി സംസ്കരണ പാർക്ക് സ്ഥാപിക്കുമെന്നും, സിയാൽ മാതൃകയിൽ അന്താരാഷ്ട്ര നിലവാരമുള്ള ഒരു സ്ഥിരം എക്സിബിഷൻ സെന്റർ സ്ഥാപിക്കുമെന്നും, ഇന്നവേഷൻ ഫണ്ട്, ഇൻകുബേഷൻ സെൽ എന്നിവ രൂപീകരിക്കുമെന്നും ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നു. ഇവയ്ക്കായി പദ്ധതി രൂപീകരിക്കാനും തുക വകയിരുത്താനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

| | |
|---|---|
| (ബി) ഇതിന്റെ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) കയറിന്റെയും കയർ ഉൽപ്പന്നങ്ങളുടെയും ദേശീയവും അന്തർദേശീയവുമായ പ്രദർശനത്തിനും വിപണനത്തിനുമായി സ്ഥിരം എക്സിബിഷൻ സെന്റർ സ്ഥാപിക്കുക, ഈ മേഖലയിൽ പണിയെടുക്കുന്നവരുടെ വരുമാനം വർദ്ധിപ്പിക്കുവാൻ കയർ കയറ്റു മതി സംസ്കരണ പാർക്ക് സ്ഥാപിക്കൽ, പുതിയ ബിസിനസ് സംരംഭങ്ങളെ സഹായിക്കുന്നതിനായി കയർ ഇൻകുബേഷൻ സെൽ, കയർ മേഖലയിൽ നൂതന ആശയങ്ങൾ പ്രയോജനപ്പെടുത്തി സാങ്കേതിക വിദ്യാ ഉൽപ്പന്ന വികസനത്തിനായി ഇന്നവേഷൻ ഫണ്ട് രൂപീകരിക്കൽ തുടങ്ങിയവയാണ് പദ്ധതിയുടെ ലക്ഷ്യങ്ങൾ. |
| സി) ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത് എന്ന് വിശദമാക്കുമോ; | സി) പദ്ധതി നടപ്പാക്കുന്നതിനുള്ള രൂപരേഖയും പ്രോജക്ടുകളും തയ്യാറാക്കാൻ നടപടി സ്വീകരിച്ചുവരികയാണ്. ഇത് പൂർത്തിയായതിനുശേഷമേ ഏതെല്ലാം ഏജൻസികളെ സഹകരിപ്പിക്കണമെന്നുള്ള തീരുമാനം ആകുകയുള്ളു. |
| (ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം? | (ഡി) പദ്ധതി നടത്തിപ്പിനായി സ്ഥലം ലഭ്യമാക്കാനുള്ള നടപടികളും മറ്റും സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ